കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പരിഷ്കരണ പ്രവൃത്തി

310 (1367) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് വിട്ടുനൽകിയ കുറ്റ്യാടിയിലെ പഴയ സബ്ബ് രജിസ്ട്രാർ ഓഫീസിന്റെ ചുറ്റുപാടുകൾ പരിഷ്കരണ പ്രവൃത്തി നടത്തുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും നൽകിയ തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും, വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്ന പുരാതന കെട്ടിടം അതേപടി സംരക്ഷിച്ച് നിലനിർത്തുന്നതിനോടൊപ്പംതന്നെ ചുറ്റുമുള്ള സ്ഥലത്തിനും ഒരു പൗരാണികത തോന്നിപ്പിക്കുന്നതിനായി ചെയ്യേണ്ടുന്ന പണികളെ സംബന്ധിച്ച്, പുരാവസ്തു വകുപ്പ് അംഗീകരിച്ചിട്ടുള്ള പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 10-11-2014-ൽ കോഴിക്കോട് ജില്ലാ രജിസ്ട്രാർ പുരാവസ്തു വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര ഫീസ്

311 (1368) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, രജിസ്ട്രേഷൻ ഇവയുടെ ഫീസ് ഉയർത്തി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഒരു ഏക്കർ വരെയുള്ള ഭാഗപത്രത്തിനും മറ്റും പഴയ രീതി തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. 8-10-2014-ലെ ജി.ഒ.(പി)172/2014/റ്റി.ഡി. നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25,000 രൂപ എന്നതിനുവിധേയമായി വിലയുടെ ഒരു (1) ശതമാനം എന്നതിൽ, പരമാവധി 25,000 രൂപ എന്ന വ്യവസ്ഥ ഒഴിവാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ബി) രജിസ്ട്രേഷൻ ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

രജിസ്ട്രേഷൻ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

312 (1369) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവ ഓരോന്നിനും എത്ര തുക നീക്കിവെച്ചിട്ടുണ്ട്; ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ തുക നീക്കി വെച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) എല്ലാ പദ്ധതികളുടേയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ്?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ 'മിഷൻ 676-ൽ' ഉൾപ്പെടുത്തിയ പദ്ധതികൾ താഴെ വിവരിക്കുന്നു:

1. എറണാകുളം ജില്ലയിലെ കുത്താട്ടുകുളം കേന്ദ്രമായി രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ പരിശീലന കേന്ദ്രം ആരംഭിക്കൽ, അതോടൊപ്പം 100 വർഷത്തിലധികം പഴക്കമുള്ള ആധാര വാല്യങ്ങൾ കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കൽ.